www.malankaralibrary.com

# ദൈവത്തിന്റെ ഉത്തരമാണ് ഉയിർപ്പ്

■ ഫാ. ഡോ. മാർട്ടിൻ ശങ്കൂരിക്കൽ
വടവാതൂർ സെമിനാരി, കോട്ടയം





**ദൈവത്തിന്റെ** ഉത്തരമാണ് ഉയിർപ്പ്. എങ്കിൽ ചോദ്യം എന്തായിരുന്നു? നീ എവിടെയാണ് എന്ന് ആദത്തോട് ചോദിച്ച ആദ്യത്തെ ചോദ്യമാണ് എല്ലാ ചോദ്യങ്ങളുടെയും മാതാവ്! നീ എവിടെ ആയിരിക്കേണ്ടവനാണ് എന്ന് വ്യംഗ്യം! ആയിരിക്കുന്ന ഇടവും ആയിരിക്കേണ്ട ഇടവും തമ്മിലുള്ള അന്തരമല്ലേ ഉയിർപ്പിനുള്ള പ്രചോദനഹേതു?

എല്ലായിടത്തും സ്വതന്ത്രരായി ജനിക്കുന്ന മനുഷ്യന്റെ കൈകളിൽ വിലങ്ങണിയിക്കുന്നതാരെന്ന ദൈവത്തിന്റെ ചോദ്യമാണ് ഉയിർപ്പുകളിലേക്കുള്ള പ്രചോദനഹേതു. മനുഷ്യരുണ്ടാക്കുന്ന കല്ലറകളിൽ നിശ്ശബ്ദരാക്കപ്പെടുന്ന ലാസറുമാരെ പുറത്തെത്തിച്ച് പടച്ചവൻ പറയും: "അവന്റെ കെട്ടുകളഴിക്കൂ, അവൻ പോകട്ടെ." ഉയിർക്കുന്നവരുടെ യാത്രകൾ സ്വാതന്ത്ര്യത്തിലേക്കാണ്.

"നീ എവിടെ നിന്നാണ്" (യോഹ. 19:9) എന്ന പീലാത്തോസിന്റെ ചോദ്യത്തിനുള്ള ക്രിസ്തുവിന്റെ ഉത്തരമാണ് ഉയിർപ്പ്. നീതിമാനെ പ്രതി സ്വപ്നത്തിൽ മനസ്സ് വേദനിച്ച ക്ലോഡിയയുടെ ഭർത്താവിന് അവൻ വെറും തച്ചന്റെ മകനായ ജാലവിദ്യക്കാരൻ മാത്രം! പ്രപഞ്ച നിർമ്മാതാവായ പെരുംതച്ചന്റെ കൈയിലെ കൊട്ടുവടി കാണാത്ത നീതിമാൻ എവിടെനിന്നു വന്നുവെന്നറിഞ്ഞ, സ്വപ്നത്തിൽ അവനെക്കുറിച്ച് വ്യാകുലപ്പെട്ട ക്ളോഡിയ അഥവാ പ്രോക്കുള കിഴക്കൻ സഭകളിലെ രൂപക്കൂടുകളിൽ വണങ്ങപ്പെടുമ്പോൾ; ഗാളിലേക്ക് നാടുകടത്തപ്പെട്ട അവിടെ വച്ച് ആത്മഹത്യ ചെയ്തെന്ന് പറയപ്പെടുന്ന പീലാത്തോസ് വീണ്ടും വീണ്ടും കൈകഴുകി ഷേക്സ്പിയറിന്റെ ഡയലോഗ് ആവർത്തിച്ചു കൊണ്ടിരിക്കുന്നു. "സപ്തസാഗരങ്ങളിലെ ജലം മുഴുവനും ഉപയോഗിച്ച് കഴുകിയാലും എന്റെ കൈകളിലെ രക്തക്കറ മായുന്നില്ല." പീലാത്തോസ് വീണ്ടും ചോദിക്കും: നീ എവിടെ നിന്നാണ്?

## നീ എവിടെ നിന്നാണ്?

"നീ എവിടെ നിന്നാണ്" എന്ന വിചാരണവേളയിലെ പന്തിയോസ് പീലാത്തോസിന്റെ ചോദ്യം ക്രിസ്തു പൂരിപ്പിക്കുന്നത് തന്റെ ഉയിർപ്പുകൊണ്ടാണ്. താൻ വന്നിടത്തേക്കുതന്നെ തിരിച്ചുപോകുന്നുവെന്ന ഒന്നൊന്നര ഉത്തരം. ക്രൈസ്തവികതയ്ക്ക് ഒരാമുഖം (Introduction to Christiantiy) എന്ന തന്റെ വിഖ്യാതഗ്രന്ഥത്തിൽ കാർഡിനൽ ജോസഫ് റാറ്റ്സിംഗർ അഥവാ ബെനഡിക്ട് പതിനാറാമൻ പാപ്പ ക്രിസ്തുവിന്റെ ഉയിർപ്പിനെ പരിണാമത്തിന്റെത്തന്നെ ഏറ്റവും ഉയർന്ന തലമായി അവതരിപ്പിക്കുന്നുണ്ട്. ഫ്രഞ്ച് ദാർശനികനായ തെയ്യാർദ് ഷർദാന്റെ പദാവലിയെ കൂട്ടുപിടിച്ച് മനുഷ്യപരിണാമത്തിന്റെ പരിധികളെയും പരിമിതികളെയും മറികടക്കുന്ന അതിഭൗതിക യാഥാർത്ഥ്യമായി അവതരിപ്പിക്കുകയാണ്. മരണത്തിന്റെ വേലിക്കെട്ടുകൾ അതിർത്തി തീർക്കുന്ന ജൈവിക മേഖലയ്ക്കപ്പുറത്ത് ആത്മാവിന്റെയും സ്വാതന്ത്ര്യത്തിന്റെയും സ്നേഹത്തിന്റെയും മേഖലയിലേക്ക് ഒരു ഉയർപ്പ്. ഗരിസിം മലയിലോ ജെറുസലേമിലോ അല്ലാതെ ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്നതിന്റെ ആദ്യപടിയായ ഉയിർപ്പ്! കാരണം ക്രിസ്തു വരുന്നത് അരൂപിയുടെ ആ തലത്തിൽ നിന്നുമാണ്.

## അനശ്വരത ആരംഭിക്കുന്നത് സ്നേഹത്തിൽ നിന്നാണ്

ഉയിർപ്പ് വിചിന്തനത്തിൽ (Introduction to Christiantiy) ബെനഡിക്ട് പാപ്പ എഴുതുന്ന അർത്ഥവത്തായ ഒരു വരിയുണ്ട്. "Immortality always proceeds from Love." അനശ്വരത ആരംഭിക്കുന്നത് സ്നേഹത്തിൽ നിന്നാണ്. അർപ്പിക്കപ്പെടുന്നതേ അനശ്വരമാകൂ. കാൽവരിയിലെ അർപ്പണത്തെ അല്ലേ ഉത്ഥാനത്തിന്റെ മഹിമയിലൂടെ ദൈവം അനശ്വരമാക്കിയത്. കൊടുത്തുകൊണ്ടു പോകുന്ന മഹാബലികൾക്കല്ലേ അനശ്വരതയുടെ മാർബിൾ ഫലകങ്ങളിൽ ശാശ്വത സ്മരണയുള്ളൂ. സ്നേഹം നമ്മെ നിർബന്ധിക്കുന്നു അർപ്പിക്കപ്പെട്ട് അനശ്വരരാകാൻ.




1) ജോസഫിന്റെ സന്തതികൾക്ക് നിശ്ചയിച്ചിരിക്കുന്ന സ്ഥലത്തിന്റെ അതിർത്തി ആരംഭിക്കുന്നത് എവിടെ? ***ജറീക്കോയ്ക്കു സമീപം ജോർദാനിൽ തുടങ്ങുന്നു***

2) എഫ്രായിമിനു വേണ്ടി ഇന്നും അടിമവേല ചെയ്യുന്നത് ആര്? ***കാനാന്യർ***

3) എഫ്രായിമിന് ഓഹരി നല്കിയശേഷം ഓഹരി നല്കിയത് ആരുടെ ഗോത്രത്തിനാണ്? ***മനാസ്സെയുടെ ഗോത്രത്തിന്***

4) ഗിലയാദിന്റെ പിതാവിന്റെ പിതാവ്? ***മനാസ്സെ***

5) തപ്പുവാദേശം ആരുടെ അവകാശമായിരുന്നു? ***മനാസ്സെയുടെ***

6) തപ്പുവാപട്ടണം ആരുടെ അവകാശമായിരുന്നു? ***എഫ്രായിമിന്റെ മക്കളുടെ***

7) കർത്താവിന്റെ അനുഗ്രഹത്താൽ ഞങ്ങൾ വലിയ ജനമായിരിക്കെ എന്തുകൊണ്ടാണ് ഒരു വിഹിതം മാത്രം തന്നത് എന്ന് ജോഷ്വയോട് ചോദിച്ചതാര്? ***ജോസഫിന്റെ സന്തതികൾ***

8) ഇസ്രായേൽ ജനം സമാഗമകൂടാരം സ്ഥാപിച്ചതെവിടെ? ***ഷീലോയിൽ***

9) യൂദാ തന്റെ താമസം തുടരേണ്ടത് എവിടെ? ***തെക്കുഭാഗത്ത്***

10) കർത്താവിന്റെ പൗരോഹിത്യം ഓഹരിയായി ലഭിക്കുന്ന ഗോത്രം? ***ലേവിഗോത്രം***


### ഉപകാരസ്മരണ



വി. യൂദാശ്ലീഹായുടെ മധ്യസ്ഥതയാൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിനു നന്ദി.

**ഒരു വിശ്വാസി**

### ഉപകാരസ്മരണ



ദൈവദാസൻ വർഗീസ് പയ്യപ്പിള്ളിയച്ചന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു നന്ദി.

**ഒരു വിശ്വാസി**




Since 1951

CATHOLIC ART CENTRE

Broadway, Ernakulam, Kochi-682 031, Tel: 0484-2352862, 4016862
e-mail: info@cackochi.com www.catholicartcentre.com

Dealers in: Holy Vessels, Vestments, Cassettes, CD's, Greeting Cards, Statues, Monstrance, Muthukuda, Photo Frame, Ciborium, Chalice, Tabernacle, Flowers, Gift Items, Crib Set, Medals, Rosary, Candles, Prayer Books, Key Chains, Procession Cross & Pious Articles, etc..